**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

മി. സ്പീക്കർ: ഓർഡർ .... ഓർഡർ ...... കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 50-ാം ചട്ട പ്രകാരം ഇന്ന് ലഭിച്ചിരിക്കുന്ന നോട്ടീസ്, ടി. പി. ചന്ദ്രശേഖരൻ കൊലക്കേസിലെ പ്രതികൾക്ക് ശിക്ഷയിളവ് നൽകാൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന നീക്കത്തെ സംബന്ധിച്ചാണ്. ഇത്തരത്തിലുള്ള നീക്കം ഉണ്ടായിട്ടില്ലെന്ന കാര്യം ഇതിനകം വ്യക്തമാക്കപ്പെട്ട സാഹചര്യത്തിൽ ഇക്കാര്യത്തിൽ മറ്റ് അടിയന്തര പ്രധാന്യമില്ലാത്തതിനാൽ ചട്ടം 52(v) പ്രകാരം നോട്ടീസ് നിലയ്ക്കുകയാണ്. എന്നാൽ അംഗം ആവശ്യപ്പെടുന്ന പക്ഷം ഇക്കാര്യം സബ്മിഷൻ ആയി ഉന്നയിക്കാൻ അനുമതി നൽകുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒന്നാമതായി, ഞങ്ങൾ ഉന്നയിച്ച ഈ വിഷയത്തിൽ സർക്കാർ നൽകേണ്ട മറുപടി ബഹുമാനപ്പെട്ട ചെയർ പറഞ്ഞതിന്റെ അനൗചിത്യം ആദ്യം ചൂണ്ടികാട്ടുകയാണ്. ജയിൽ സൂപ്രണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പോലീസ് കമ്മീഷണറോട് remission list ചോദിച്ചുകൊണ്ട് നൽകിയ കത്ത്

തെളിവായി ഞങ്ങളുടെ കൈയിലുണ്ട്. രണ്ടാമതായി, ശിക്ഷയിളവ് നൽകേണ്ട ആളുകൾക്ക്/ആ വ്യക്തികൾക്ക്/ജയിൽപ്പുള്ളികൾക്ക് അവരുടെ ബന്ധുക്കളിൽനിന്നും ഇരകളായി മാറിയവരുടെ ബന്ധുക്കളിൽനിന്നും കൂടി അഭിപ്രായം രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പാനൂർ പോലീസ് അടക്കമുള്ള ...

മി. സ്പീക്കർ: യെസ് ... യെസ് ... പ്ലീസ്...അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തികൊണ്ട് പറയുന്നതാണ്, പ്രതിപക്ഷ നേതവായ അങ്ങേയ്ക്ക് എല്ലാ ഘട്ടത്തിലും ആവശ്യമായ പരിഗണന നൽകിയിട്ടുണ്ട്. അങ്ങേയ്ക്ക് എല്ലാ ബഹുമാനവും എല്ലാ ഘട്ടത്തിലും നൽകിയിട്ടുണ്ട്. ഇതിൽ കൂടുതൽ സംസാരിക്കൻ സാധിക്കില്ല, ഈ സഭയ്ക്കകത്ത് എത്രയോ തവണ discuss ചെയ്തതാണ്. (......ബഹളം....) അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തികൊണ്ട് തന്നെ ഈ വിഷയം discuss ചെയ്യാൻ സാധിക്കില്ലെന്ന് പറയുകയാണ്.

ശ്രീ. വി. ഡി. സതീശൻ: നിങ്ങൾക്ക് ഭയമാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിന് മുന്നിൽവന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)